LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയം സെസ്സിന്റെയും അടിസ്ഥാനത്തിലാണ്. ഈ തുക ഓരോ സാമ്പത്തിക വർഷത്തിലെയും ഡിസംബർ 31-നുമുമ്പ് കിഫ്ബിക്ക് കൈമാറണമെന്നും ആകയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വലിയൊരു തുക ഇത്തരത്തിൽ കൈമാറുന്നതിലൂടെ സർക്കാരിന് ദൈനംദിന ചെലവുകൾ വഹിക്കുന്നതിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി നിലവിൽ ഈ തുക ദിവസേന കിഫ്ബിക്ക് കൈമാറുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അതിൻപ്രകാരം നിശ്ചയിക്കപ്പെട്ട തുകകളെ നിലവിലെ സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ അവശേഷിക്കുന്ന ദിവസങ്ങളുടെ എണ്ണംകൊണ്ട് ഹരിക്കുന്നു. ഇതാണ് ഓരോ ഇനത്തിലും ദിവസേന കിഫ്ബിക്ക് ദൈനംദിനം കൈമാറുന്ന തുക. ധനകാര്യ വകുപ്പിന്റെ BAMS, ഇ-ലെഡ്ജർ, BIMS എന്നീ സോഫ്റ്റ്വെയറുകളിലൂടെ ഉദ്യോഗസ്ഥർ ഇത് സംബന്ധിക്കുന്ന ബില്ലുകൾ സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്ന മുറയ്ക്ക് തുക കിഫ്ബിയുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്യുന്നു. പെട്രോളിയം സെസ്സിലൂടെയും മോട്ടോർ വാഹന നികുതിയിലൂടെയും ലഭിക്കുന്ന തുക കിഫ്ബിക്ക് കൈമാറുന്നതിന്റെ നടപടിക്രമം ഇതാണ്.

ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

39 (420) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.